ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.06.2024** **TIME 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളേയും അഭിസംബോധന ചെയ്യു. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്ത് മികച്ച രീതിയിലുള്ള വികസനം ഉണ്ടായതായി രാഷ്ട്രപതി.

   President Droupadi Murmu Addresses Joint Sitting Of Lok Sabha & Rajya Sabha In Parliament; In Last 10 Years India Witnessed Great Development Said President

2. രാജ്യസഭാ സമ്മേളനത്തിന് ഇന്ന് തുടക്കം.

   Rajyasabha session to begin today

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലെ പ്രതിസന്ധി സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.

   In Kerala assembly the opposition staged walkout in protest against denying adjournment motion

4. കേരളത്തിൽ കനത്ത മഴയിൽ വ്യാപകനാശ നഷ്ടം. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

In Kerala, heavy rain causes severe damage. Orange alert declared in Kannur, Wayanad districts

5. ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ.രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. അഫ്ഗാനിസ്ഥാനെ പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക ഫൈനലിൽ.

In T-20 worldcup cricket semifinal, India will face England while South Africa stormed into finals after defeating Afghanistan

&&&&&&&&&&&&&&&&&&&

## HEADLINE -1 & 2

## PRESIDENT

*രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളേയും അഭിസംബോധന ചെയ്യു. കഴിഞ്ഞ 10 വർഷത്തിനിടെ എൻ ഡി എ സർക്കാർ രാജ്യത്ത് മികച്ച രീതിയിലുള്ള വികസനം കൊണ്ടുവന്നെന്ന് രാഷ്ട്രപതി പറഞ്ഞു. ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യയെ മാറ്റാനാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ശ്രീമതി മുർമു പാർലമെൻറിൽ പറഞ്ഞു.*

*(ഹോൾഡ് വോയിസ്)*

*കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ജമ്മു-കശ്മീരിൽ റെക്കോർഡ് പോളിംഗ് രേഖപ്പെടുത്തിയത് രാജ്യത്തിന്റെ ശത്രുക്കൾക്ക് ഉള്ള മറുപടിയാണെന്നു രാഷ്ട്രപതി പറഞ്ഞു. ദൂരവ്യാപകമായ നയങ്ങളുടെയും, ഭാവി കാഴ്ചപ്പാടുകളുടെയും പരിഷ്കാരങ്ങളുടെയും ഫലപ്രദമായ രേഖയായിരിക്കും വരുന്ന പൊതുബജറ്റ് എന്നും രാഷ്ട്രപതി വിശ്വാസം പ്രകടിപ്പിച്ചു. രാഷ്ട്രപതിയുടെ പ്രസംഗത്തിന് ശേഷം പാർലമെന്റിന്റെ ഇരുസഭകളിലും നന്ദിപ്രമേയ അവതരണവും ചർച്ചയും നടക്കും. അതേസമയം രാജ്യസഭ സമ്മേളനത്തിന് ഇന്ന് തുടക്കമാകും.*

&&&&&&&&&&&&&&&&&&&

## REV: NAGALAND – VOTER TURNOUT

നാഗാലാൻഡിൽ, ഇന്നലെ പൂർത്തിയായ നഗര തദ്ദേശ തിരഞ്ഞെടുപ്പുകളിൽ 84 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തി. 20 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഇവിടെ തിരഞ്ഞെടുപ്പ് നടക്കുന്നത്. 214 വാർഡുകളിലെ 420 പോളിങ് സ്റ്റേഷനുകളിലായി 523 സ്ഥാനാർത്ഥികൾ മത്സരിച്ചു. ഇതിൽ 33 ശതമാനം വനിതകളാണ് . ഒരിടത്ത് ഒഴികെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും വോട്ടെടുപ്പ് സുഗമമായി നടന്നതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. എൻഡിപിപി, ബിജെപി , കോൺഗ്രസ് , തുടങ്ങിയ പാർട്ടികൾ മത്സര രംഗത്തുണ്ട്. വോട്ടെണ്ണൽ മറ്റന്നാൾ നടക്കും

&&&&&&&&&&&&&&&&&&

## HEADLINE -3

## ASSEMBLY WALKOUT

കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. പദ്ധതി വിഹിതം യഥാ സമയം ലഭിക്കാത്തത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്, പ്രതിപക്ഷത്ത് നിന്ന് ടി സിദ്ദിഖ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. പദ്ധതി തുക യഥാസമയം ലഭിക്കാത്തത് കാരണം സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചൂണ്ടിക്കാട്ടി. സാമ്പത്തിക പ്രയാസം മൂലമാണ് സ്വാഭാവികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതെന്ന് മന്ത്രി എം ബി രാജേഷ് മറുപടിയായി പറഞ്ഞു. ഈ സാമ്പത്തിക വർഷം തുടങ്ങി മൂന്നു മാസത്തിനിടെ 3,887.02 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയെതുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

&&&&&&&&&&&&&&&&&&

## ASSEMBLY R.BINDU

കേരളത്തിലെ എഞ്ചിനീയറിങ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി റിസർച്ച് പാർക്കുകൾ ആരംഭിക്കുമെന്ന് മന്ത്രി ആർ ബിന്ദു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തി നടപടി ആരംഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് പാർക്കുകൾ കൂടി ഈ വർഷം തന്നെ ആരംഭിക്കുമെന്ന് മന്ത്രി നിയസഭയിൽ അറിയിച്ചു. ഐ ഐ എമ്മും, ഐ ഐ ടിയും ചേർന്ന് ഗവേഷണ മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. യൂണിഫോമുകൾ ഉള്ള കോളേജുകളിൽ ജൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കുമെന്നും മന്ത്രി ആർ ബിന്ദു അറിയിച്ചു.

&&&&&&&&&&&&&&&&&&

## ASSEMBLY -K B GANESHKUMAR

15 വർഷം പഴക്കമുള്ള കെ എസ് ആർ ടി ബസ് ഉൾപ്പെടെയുള്ള സർക്കാർ വാഹനങ്ങൾ പൊളിക്കുന്നതിന്റെ ഭാഗമായി ഓപ്പൺ ടെൻണ്ടർ ഉടൻ വിളിക്കുമെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ. കെഎസ്ആർടിസി ജീവനക്കാർക്ക് ഒറ്റ ഗഡുവായി ശമ്പളം കൊടുക്കുന്ന നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LABOUR MINISTRY

തമിഴ്നാട്ടിലെ ഫോക്സ്കോൺ ഇന്ത്യ ആപ്പിൾ ഐഫോൺ പ്ലാന്റിൽ വിവാഹിതരായ സ്ത്രീകളെ ജോലിയ്ക്ക് എടുക്കില്ലെന്ന മാധ്യമ റിപ്പോർട്ടുകളിൽ തൊഴിൽ മന്ത്രാലയം തമിഴ്നാട് സർക്കാരിനോട് വിശദീകരണം തേടി. സ്ത്രീ-പുരുഷ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിൽ വിവേചനം പാടില്ലെന്ന് തുല്യ വേതന നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെന്ന് തൊഴിൽ മന്ത്രാലയം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**IMD- WEATHER**

ജമ്മു കശ്മീർ, ലഡാക്ക്, ഗിൽഗിത്, ബാൽതിസ്ഥാൻ, മുസാഫരാബാദ്, ഹിമാചൽപ്രദേശ്, പഞ്ചാബ്, ഹരിയാന, ഛണ്ഡീഗഢ്, ഡൽഹി, പടിഞ്ഞാറൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അസം, മേഘാലയ, ആൻഡമാൻ നിക്കോബർ ദ്വീപുകൾ, പശ്ചിമബംഗാളിലെ സബ് ഹിമാലയൻ മേഖല, സിക്കിം, ബിഹാർ എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. അതേസമയം പടിഞ്ഞാറൻ രാജസ്ഥാൻ, പഞ്ചാബിൻറെയും കിഴക്കൻ രാജസ്ഥാൻറെയും ചില ഭാഗങ്ങൾ, വടക്കൻ മധ്യപ്രദേശ് എന്നിവടങ്ങളിൽ കൂടിയ താപനില 40 മുതൽ 43 ഡിഗ്രി സെൽഷ്യസ് വരെ രേഖപ്പെടുത്തി. സാധാരണ താപനിലയെക്കാൾ രണ്ട് മുതൽ നാലു ഡിഗ്രി സെൽഷ്യസ് കൂടുതലാണ് ഇത്.

&&&&&&&&&&&&&&&&&&

**HEADLINE -4**

**RAIN - KERALA**

കേരളത്തിൽ തുടരുന്ന കനത്ത മഴയിൽ വ്യാപകനാശം. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ചെറുഡാമുകൾ തുറന്നു. തീരമേഖലകളിൽ കടലാക്രമണം രൂക്ഷമായി. ഉയർന്ന പ്രദേശങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനം നിരോധിച്ചു. ഇന്ന് വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ തീരദേശത്ത് പ്രത്യേകജാഗ്രത പുലർത്തണമെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണകേന്ദ്രം അറിയിച്ചു. കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്. കേരളം- ലക്ഷദ്വീപ്, കർണ്ണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്ക് ഏർപ്പെടുത്തി.

അതേസമയം കനത്ത മഴയെത്തുടർന്ന് ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം , കോഴിക്കോട്, തൃശൂർ, വയനാട് ജില്ലകളിൽ ദേശീയ ദുരന്തനിവാരണസേനയെ വിന്യസിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് ഒരു കോടി രൂപവീതം അനുവദിച്ചു.

&&&&&&&&&&&&&&&&&&

## DELHI- RAIN

ഡൽഹിയിൽ ഇന്ന് നേരിയ മഴക്ക് സാധ്യതംയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഡൽഹിയുടെ വിവിധ ഭാഗങ്ങളിൽ രാവിലെ ചെറിയ മഴ ലഭിച്ചത് ജനങ്ങൾക് ആശ്വാസമായി.മഴയെ തുടർന്ന് നഗരത്തിലെ കുറഞ്ഞ താപനില 28.6 ഡിഗ്രി സെൽഷ്യസായികുറഞ്ഞു. കൂടിയ താപനില 39 ഡിഗ്രി സെൽഷ്യസാണ്.

&&&&&&&&&&&&&&&&&&

## AMARNATH YATRA INSPECTION

അമർനാഥ് യാത്രയുടെ ആദ്യ സംഘം ജമ്മുവിലെ ഭഗവതി നഗർ യാത്രി നിവാസിൽ എത്തിത്തുടങ്ങി. ഇവിടെ നിന്ന് വെള്ളിയാഴ്ച രാവിലെ നാലു മണിയോടെ വടക്കൻ കശ്മീരിലെ ബാൽടാലിലേക്ക് സംഘം യാത്ര തിരിക്കും. ഇവർക്ക് ശനിയാഴ്ചയോടെ ദർശനം സാധ്യമാകും. അമർനാഥ് യാത്രയുടെ സുരക്ഷയ്ക്കായി നൂറോളം സിഎപിഎഫ് ഉദ്യോഗസ്ഥരെയാണ് വിന്യസിച്ചിട്ടുള്ളത്. തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ ജമ്മു- കശ്മീർ ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ ഇന്നലെ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## HEADLINE -5

## T-20 SEMI

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ അഫ്ഗാനിസ്ഥാനെ ദക്ഷിണാഫ്രിക്ക ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. ട്രിനിഡാഡിലെ ബ്രയൻലാറ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 57 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 8.5 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 60 റൺസ് നേടി വിജയം കരസ്ഥമാക്കി. ഇന്ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. രാത്രി എട്ടിന് ഗുയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## BADMINTON- US OPEN

യുഎസ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ പ്രിയാൻഷു രജാവത്ത്, മാളവിക ബൻസോദ് എന്നിവർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. പുരുഷ സിംഗിൾസിൽ ചെക്ക് റിപ്പബ്ലിക് താരത്തെ 21-16, 21-16 ന് പരാജയപ്പെടുത്തിയാണ് രജാവത്ത് പ്രീ ക്വാട്ടറിൽ പ്രവേശിച്ചത്. ഇന്ന് നടക്കുന്ന മത്സരത്തിൽ രജാവത്ത് തായ്‌വാൻ താരത്തോട് ഏറ്റുമുട്ടും. അതേസമയം വനിതാ സിംഗിൾസിൽ എസ്റ്റോണിയയുടെ ക്രിസ്റ്റിൻ കൂബയെ 21-14, 21-15 നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് മാളവിക പ്രീക്വാർട്ടറിൽ എത്തിയത്. പ്രീക്വാർട്ടർ മത്സരത്തിൽ ചെക് റിപ്പബ്ലിക്ക് താരമാണ് മാളവികയുടെ എതിരാളി.

&&&&&&&&&&&&&&&&&&

## OBIT

ആകാശവാണിയുടേയും, ദൂരദർശൻറേയും വിവിധ സ്റ്റേഷനുകളിൽ 36 വർഷം സേവനം അനുഷ്ഠിച്ച പി ബാലകൃഷ്ണൻ നായർ അന്തരിച്ചു. ചെന്നൈ നിലയത്തിൽ നിന്ന് ചീഫ് എഞ്ചിനിയറായാണ് അദ്ദേഹം വിരമിച്ചത്. പത്തനംതിട്ട ജില്ലയിലെ തട്ട സ്വദേശിയാണ്.

&&&&&&&&&&&&&&&&&&

## NEW CRIMINAL LAWS

രാജ്യത്ത് ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നി മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരും.കഴിഞ്ഞ വർഷത്തെ ശീതകാല സമ്മേളനത്തിലാണ് ഈ ബില്ലുകൾ പാർലമെൻറ് പാസാക്കിയത്. പുതിയ ക്രിമിനൽ നിയമങ്ങൾ ഇന്ത്യൻ ജനതയെ ശാക്തീകരിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ്. പുതിയ സംവിധാനത്തിലേക്ക് തടസ്സങ്ങളില്ലാതെ മാറുന്നതിന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്രം സാങ്കേതിക സഹായം നൽകുന്നുണ്ട്.

&&&&&&&&&&&&&&&&&&